കേരള കാർഷിക സർവ്വകലാശാല
ഇൻസ്ട്രക്ഷണൽ ഫാം
കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനിയറിംഗ് & ടെക്നോളജി
തവനൂർ – 679573, മലപ്പുറം
ഇ–മെയിൽ : farm.kcaet@kau.in, ഫോൺ : 0494 2686214

നമ്പർ:ഐ.എഫ് 81/2021 തീയതി : 14.02.2022

## ക്വട്ടേഷൻ/ലേലം നോട്ടീസ്

ഈ സ്ഥാപനത്തിലെ താഴെ കാണിച്ചിരിക്കുന്ന ഫലവൃക്ഷങ്ങളിൽ നിന്നും നിശ്ചിത കാലത്തേക്ക് വിളവെടുക്കുന്നതിനുവേണ്ടി മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ താഴെ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ച് കൊള്ളുന്നു. ആവശ്യ മെങ്കിൽ അന്നേ ദിവസം തന്നെ ലേലവും നടത്തുന്നതായിരിക്കും.

| വിളവെടുപ്പ് നടത്തേണ്ട ഫല വൃക്ഷങ്ങൾ | ഫല വൃക്ഷങ്ങളുടെ എണ്ണം | നിരതദ്രവ്യം | വിളവെടുപ്പ് നടത്തേണ്ട കാലാവധി |
|---|---|---|---|
| കശുമാവ് | 45 | 1000 രൂപ | 01.03.2022 മുതൽ 30.06.2022 വരെ |
| പ്ലാവ് | 64 | 1000 രൂപ | |
| മാവ് | 93 | 1000 രൂപ | |

### സമയക്രമം

| | |
|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി | 19.02.2022 രാവിലെ 10.30 |
| ലേലം വിളിക്കുന്ന സമയം | 11.00 മണി (അന്നേ ദിവസം) |
| ക്വട്ടേഷൻ തുറക്കുന്ന സമയം | ലേലത്തിന് ശേഷം |

### വ്യവസ്ഥകൾ

1. ക്വട്ടേഷൻ ഉള്ളടക്കം ചെയ്ത കവറിന പുറത്ത് **'കശുമാവ്, പ്ലാവ്, മാവ് വിളവെടുപ്പിനുള്ള ക്വട്ടേഷൻ'** എന്ന് വ്യക്തമായി എഴുതി **പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, തവനൂർ** എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടത്

2. ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചയിച്ച നിരതദ്രവ്യം പണമായി കെട്ടി വെക്കേണ്ടതാണ്.

3. ക്വട്ടേഷൻ/ലേലം മേൽപ്പറഞ്ഞ തീയതിയിൽ തൽസമയം ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ/ലേലത്തിൽ പിടിക്കുന്ന വ്യക്തിയുടേയോ പേരിൽ, നിരക്ക് തൃപ്തികരമെന്ന് തോന്നുന്ന പക്ഷം മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ഉറപ്പിക്കുന്നതുമാണ്.

4. ക്വട്ടേഷനുകൾ ഉറപ്പിക്കപ്പെടാത്തവരുടെ നിരതദ്രവ്യം, അപ്പോൾ തന്നെ തിരിച്ചു നൽകുന്നതായിരിക്കും. ക്വട്ടേഷൻ ഉറപ്പിക്കപ്പെട്ടവരുടെ നിരതദ്രവ്യം സുരക്ഷിത നിക്ഷേപമാക്കി മാറ്റുന്നതാണ്.
5. ക്വട്ടേഷൻ/ലേലം സ്വീകരിച്ചു കഴിഞ്ഞാൽ, പ്രസ്തുത വ്യക്തി സുരക്ഷിത നിക്ഷേപം കൂടാതെ മൊത്തം ക്വട്ടേഷൻ/ലേല തുകയുടെ മൂന്നിൽ ഒരു ഭാഗം ഉടൻ കെട്ടി വെക്കേണ്ടതും ബാക്കി തുക 3 ദിവസത്തിനകം അടച്ച് വിളവെടുപ്പ് തുടങ്ങാവുന്നതാണ്. വിൽപ്പന നികുതി/ജി.എസ്.ടി ഈടാക്കേണ്ട സാധനങ്ങൾക്ക് ലേലം ഉറപ്പിച്ചതുക കണക്കാക്കി വിൽപ്പന നികുതി/ജി.എസ്.ടി ഈടാക്കുന്നതാണ്.

6. കാലാവധിക്ക് മുമ്പ് വിളവെടുക്കേണ്ടത് ലേലം ഉറപ്പിക്കപ്പെട്ട ആളുടെ ബാധ്യതയാണ്. അല്ലാത്ത പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ തന്നെ സാധനങ്ങൾ പുനർ ലേലം ചെയ്യുന്നതിനും ക്വട്ടേഷൻ /ലേലക്കാരൻ അടച്ച തുക നിരത ദ്രവ്യം ഉൾപ്പെടെ സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാക്കുന്നതും ആണ്.
7. യാതൊരു കാരണവും കാണിക്കാതെ തന്നെ ക്വട്ടേഷൻ മാറ്റി വെക്കുന്നതിനോ, അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.
8. വിളവെടുപ്പിനു വേണ്ടി ലേലത്തിൽ വച്ചിരിക്കുന്ന മേൽപറഞ്ഞ ഫലവൃക്ഷങ്ങൾ ഓഫീസ് സമയങ്ങളിൽ ഫാം ഓഫീസിൽ അനുവാദത്തോടു കൂടി പരിശോധിക്കാവുന്നതാണ്.(ഫോൺ 0494-2686214,9495749883)
9. ക്വട്ടേഷൻകാരൻ/ലേലക്കാരൻ സാധാരണ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് ഫാം മേധാവിയുടെ അറിവോടും സമ്മതത്തോടും മാത്രം വിളവെടുക്കാൻ അനുവാദമുള്ളൂ. വിളവെടുത്ത സാധനങ്ങൾ ക്യാമ്പസ്സിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്നതിന് ഗേറ്റ് പാസ്സ് വാങ്ങേണ്ടതാണ്.
10. ക്വട്ടേഷൻ/ലേലം പ്രകാരം വിളവെടുത്ത വസ്തുക്കൾ അല്ലാതെ മറ്റു വസ്തുക്കൾ കൊണ്ടുപോകുന്നത് കുറ്റകരമായിരിക്കും. ലേലം കൊണ്ട സാധനങ്ങൾ നീക്കം ചെയ്യുമ്പോൾ സ്ഥാപനത്തിലെ വസ്തുവകകൾക്കു നഷ്ടം സംഭവിക്കുകയാണെങ്കിൽ പ്രസ്തുത വ്യക്തിയിൽ നിന്നും തുല്യ തുക ഈടാക്കുന്നതായിരിക്കും.
11. ക്വട്ടേഷൻ/ലേല നിബന്ധനകൾ ലംഘിക്കുന്നവരുടെ നിരത ദ്രവ്യം കാർഷിക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാക്കുന്നതായിരിക്കും.
12. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
13. സർക്കാർ ലേലത്തിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.
14. സാധനങ്ങൾ മുഴുവനായും നീക്കം ചെയ്തതിനു ശേഷം മാത്രമേ ലേലം കൊണ്ട വ്യക്തിക്ക് സുരക്ഷിത നിക്ഷേപം തിരിച്ചു ലഭിക്കുകയുള്ളൂ.
15. ലേലം സംബന്ധിച്ചുള്ള പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാമിന്റെ തീരുമാനം അന്തിമമായിരിക്കും.
16. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്, അല്ലാത്തവ നിരസിക്കുന്നതാണ്.

ഒപ്പ്/-
ഡോ. പ്രേമൻ പി.എസ്.,
പ്രൊഫസർ & ഹെഡ്

സ്വീകർത്താവ്,

1. പഞ്ചായത്ത് ഓഫീസ്(നോട്ടീസ് ബോർഡ്),തവനൂർ
2. വില്ലേജ് ഓഫീസ് (നോട്ടീസ് ബോർഡ്),തവനൂർ
3. കൃഷി ഭവൻ(നോട്ടീസ് ബോർഡ്), തവനൂർ
4. നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം)
5. നോട്ടീസ് ബോർഡ് (മെയിൻ ഗെയ്റ്റ്)

പകർപ്പ്:

ഫാം സൂപ്രണ്ട്/ ക്യാഷ്യർ/കെ.എ.യു, കെ.സി.എ.ഇ.ടി. – വെബ്സൈറ്റ്